# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 297 — 26.02.2018 — ൽ മറുപടിക്ക്

## <u>പുതിയ റേഷൻ കാർഡിനുള്ള അപേക്ഷകൾ</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| **ശ്രീ. എ. എൻ. ഷംസീർ :** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി)** |
| (എ) സംസ്ഥാനത്ത് പുതിയ റേഷൻ കാർഡിനുള്ള അപേക്ഷ സ്വീകരിക്കുന്ന നടപടി ആരംഭിച്ചിട്ടുണ്ടോ; പുതിയ റേഷൻ കാർഡിന് അപേക്ഷിക്കുന്നവർ എന്തെല്ലാം രേഖകളാണ് ഹാജരാക്കേണ്ടതെന്ന് വ്യക്തമാക്കാമോ; | (എ) ഉണ്ട്.<br>1) റസിഡൻഷ്യൽ സർട്ടിഫിക്കറ്റ്<br>2) റിഡക്ഷൻ സർട്ടിഫിക്കറ്റ്/സറണ്ടർ സർട്ടിഫിക്കറ്റ്/ നോൺ ഇൻക്ലൂഷൻ സർട്ടിഫിക്കറ്റ്<br>3) വരുമാന സർട്ടിഫിക്കറ്റ്<br>4) അംഗങ്ങളുടെ ആധാറിന്റെ പകർപ്പ്<br>5) കുടുംബനാഥയുടെ 2 പാസ്പോർട്ട് സൈസ് കളർ ഫോട്ടോ |
| (ബി) അർഹരായവർക്ക് റേഷൻ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് എന്തെല്ലാം മുൻകരുതലുകളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (ബി) അന്തിമ മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള അനർഹരെ ഒഴിവാക്കുന്നതിനും അർഹരെ ഉൾപ്പെടുത്തുന്നതിനുമുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. ഓരോ റേഷൻ കാർഡിനും ഓരോ മാസവും ലഭ്യമാകുന്ന അർഹതപ്പെട്ട ഭക്ഷ്യ ധാന്യ വിഹിതത്തിന്റെ വിതരണത്തോത് കാർഡുടമകളെ SMS മുഖേന അറിയിക്കുന്നുണ്ട്. കൂടാതെ 31.03.2018-ന് മുമ്പ് എല്ലാ റേഷൻ കടകളിലും ഇ-പോസ് സംവിധാനം സ്ഥാപിക്കുന്നതിനുള്ള നടപടി പുരോഗമിച്ചു വരുന്നു. ഇ-പോസ് സംവിധാനം പ്രാവർത്തികമാകുന്നതോടെ ബയോമെട്രിക് ഐഡന്റിറ്റി മുഖേന റേഷൻ വിതരണം നടത്തുന്നതിനാൽ ഭക്ഷ്യ ധാന്യ വിഹിതം യഥാർത്ഥ ഗുണഭോക്താക്കൾക്ക് ലഭിക്കുന്നുവെന്ന് ഉറപ്പാക്കാവുന്നതാണ്. |

*സെക്ഷൻ ഓഫീസർ*